**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2429** **12-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ റേഷൻ അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകൾ വഴി അരി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | നെല്ല് സംഭരണത്തിലൂടെ ഓരോ മാസവും സപ്ലൈകോ ലഭ്യമാക്കുന്ന CMR (പ്രധാനമായും മട്ടയരി) ലഭ്യതയുടെയും ജില്ലകളിലെ ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണം ചെയ്തു വരുന്നു. FCI യിൽ നിന്ന് ലഭ്യമാകുന്ന പുഴുക്കലരിയും പച്ചരിയും നോർമൽ വിതരണത്തിന് എ.എ.വൈ ഒഴികെയുള്ള വിഭാഗങ്ങൾക്ക് 50 ശതമാനം വീതം വിതരണം ചെയ്യുന്നതിനും എ.എ.വൈ വിഭാഗത്തിന് പച്ചരിയുടെ അളവ് പരമാവധി 5 കി.ഗ്രാമായി നിജപ്പെടുത്തി നൽകുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന സ്കീം മുഖേനയുള്ള വിതരണത്തിന് പൂർണ്ണമായും പുഴുക്കലരി ലഭ്യമാക്കണമെന്നാണ് FCI യോട് ആവശ്യപ്പെട്ടിരുന്നത്. |
| (ബി) | കാസർഗോഡ് ജില്ലയിൽ കുത്തരി, പുഴുക്കലരി എന്നിവ വിതരണം ചെയ്യാതെ പച്ചരി മാത്രം വിതരണം ചെയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കാസർഗോഡ് ജില്ലയിൽ പുഴുക്കലരി, പച്ചരി, CMR (പ്രധാനമായും മട്ടയരി) എന്നിവ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ കാസർഗോഡ് ഉൾപ്പടെയുള്ള പല ജില്ലകളിലും ആവശ്യപ്പെടുന്നതിനേക്കാൾ FCIയിൽ നിന്ന് നിലവിൽ പച്ചരി ലഭ്യമാകുന്നുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത ജില്ലയിൽ കുത്തരി, പുഴുക്കലരി എന്നിവയുടെ വിതരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പുഴുക്കലരി കൂടുതലായി ലഭ്യമാക്കാൻ FCI അധികൃതരോട് രേഖാമൂലം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി മാസത്തിലേക്കുള്ള വിതരണത്തിനായി എ.എ.വൈ. വിഭാഗത്തിന് 100 ശതമാനം പുഴുക്കലരിയും പ്രയോറിറ്റി വിഭാഗത്തിന് 50 ലോഡ് പുഴുക്കലരിയും പയ്യന്നൂർ FCI ഡിപ്പോയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ